Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2025/1234 (9) തീയതി : 10.03.2025

## സർക്കുലർ

**വിഷയം :- കൈറ്റ് – എട്ട്, ഒൻപത്, പത്ത് ക്ലാസുകളിലെ പരിഷ്കരിച്ച ഐ.സി.ടി. പാഠപുസ്തകങ്ങൾ അടിസ്ഥാനമാക്കിയുള്ള അധ്യാപക പരിശീലനം – അധ്യാപകരുടെ എണ്ണം ശേഖരിക്കുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2024 ഒക്ടോബർ 29 ന് ചേർന്ന സംസ്ഥാന പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

സ്കൂൾ പാഠപുസ്തകങ്ങൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 2025-26 മുതൽ എട്ട്, ഒൻപത്, പത്ത് ക്ലാസുകളിലെ ഐ.സി.ടി. പാഠപുസ്തകങ്ങളും പരിഷ്കരിച്ചിട്ടുണ്ട്. പുതുക്കിയ ഐ.സി.ടി പാഠപുസ്തകം വിനിമയം ചെയ്യുന്നതിന് അധ്യാപകർക്ക് പരിശീലനം ആവശ്യമാണ്. 2025 ഏപ്രിൽ, മെയ് മാസങ്ങളിൽ പുതുക്കിയ ഐ.സി.ടി. പാഠപുസ്തങ്ങൾ അടിസ്ഥാനമാക്കി ഐ.സി.ടി. പഠിപ്പിക്കുന്ന അധ്യാപകർക്ക് പരിശീലനം കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ക്രമീകരിക്കുന്നുണ്ട്. പ്രസ്തുത പരിശീലനത്തിൽ ഉൾപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എട്ട്, ഒൻപത്, പത്ത് ക്ലാസുകളിൽ 2025-26 അദ്ധ്യയന വർഷം ഐ.സി.ടി. പാഠപുസ്തകം വിനിമയം ചെയ്യുന്ന അധ്യാപകർക്കാണ് പരിശീലനം നൽകുന്നത്. ആയതിനാൽ 2025-26 ൽ എട്ട്, ഒൻപത്, പത്ത് ക്ലാസുകളിൽ ഐ.സി.ടി. പാഠപുസ്തകം വിനിമയം ചെയ്യുന്ന അധ്യാപകരുടെ പേര് വിവരം sampoorna.kite.kerala.gov.in-ലെ IT Training Data Collection-ൽ 18.03.2025 നകം അതത് സ്കൂൾ പ്രഥമാധ്യാപകർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

2. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർ കൃത്യമായി അതത് ക്ലാസിലെ ഐ.സി.ടി. പാഠപുസ്തകം ക്ലാസ് മുറികളിൽ വിനിമയം ചെയ്യുന്നു എന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനാൽ എട്ട്, ഒൻപത്, പത്ത് ക്ലാസുകളിൽ ഐ.സി.ടി. പഠിപ്പിക്കുന്ന എല്ലാ അധ്യാപകരുടേയും പേര് വിവരം പരിശീലനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സെക്കന്ററി/പ്രൈമറി സ്കൂൾ പ്രഥമാധ്യാപകർക്കും (അതത് ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
ഡയറക്ടർ, എസ്. സി.ഇ.ആർ.ടി.
എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ.മാർക്കും
എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ